HSE/389/2023-Fin B4

I/12792/2023

<u>ഭരണഭാഷ – മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ, തിരുവനന്തപുരം-01
ഇ-മെയിൽ: dhsefinb@gmail.com
ഫോൺ നം.0471-2320928

**നം.എച്ച്എസ്ഇ/389/2023-ഫിൻ.ബി4** **തീയതി: 13-02-2023**

**<u>പരിപത്രം - 01/2023/ഫിൻ</u>**

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർ സെക്കന്ററി വിഭാഗം - സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതനാവുന്ന ഭിന്നശേഷി ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച ഉത്തരവിന്മേലുള്ള സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന :- 10/05/2022 തീയതിയിലെ സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള സ.ഉ(അച്ചടി) നം.2/2022/SJD നമ്പർ സർക്കാർ ഉത്തരവ്.

സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതനാവുന്ന ഭിന്നശേഷി ജീവനക്കാരന്റെ പെൻഷൻ സംബന്ധിച്ച 03/02/2016 തീയതിയിലെ സ.ഉ(അച്ചടി) നം.01/16/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവിന്മേൽ സ്പഷ്ടീകരണം നൽകികൊണ്ട് ഭേദഗതി വരുത്തിയ ഉത്തരവാണ് സൂചനയിൽ. മേൽ സൂചനാ ഉത്തരവ് എല്ലാ ഹയർ സെക്കന്ററി വിഭാഗം മേഖലാ ഉപഡയറക്ടർമാരുടേയും, പ്രിൻസിപ്പാൾമാരുടേയും, ബന്ധപ്പെട്ട ജീവനക്കാരുടേയും അറിവിലേക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനായും ഇതോടൊന്നിച്ച് പ്രസിദ്ധപ്പെടുത്തുന്നു.

ഉള്ളടക്കം : സൂചനാ ഉത്തരവിന്റെ പകർപ്പ്

Signed by
Mohan Kumar N
Date: 13-02-2023 15:57:53

MOHAN KUMAR N
SENIOR FINANCE OFFICER
**സീനിയർ ഫിനാൻസ് ഓഫീസർ**

<u>പകർപ്പ് :-</u>

1). എല്ലാ സർക്കാർ /എയിഡഡ് എച്ച് എസ്.എസ് പ്രിൻസിപ്പാൾമാർക്കും ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും(വെബ് പോർട്ടൽ മുഖാന്തിരം)

2). എല്ലാ ഹയർ സെക്കന്ററി വിഭാഗം മേഖലാ ഉപമേധാവിമാർക്കും

3). പൊതുവിദ്യാഭ്യാസ ഡയറക്ടർ ( സി.എ മുഖാന്തിരം)

4). സീ.അ.ഓ/ സീ.ഫി.ഓ ( സി.എ മുഖാന്തിരം)

5). വെബ് സൈറ്റ്

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - സൂപ്പർന്യൂമററി തസ്തികയിൽ നിയമിതനാവുന്ന ഭിന്നശേഷി ജീവനക്കാരന്റെ പെൻഷൻ സംബന്ധിച്ച സ്പഷ്ടീകരണം നൽകി, 03.02.2016 ലെ സ.ഉ. (അച്ചടി) 01/16/സാ.നീ.വ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.2/2022/SJD തീയതി,തിരുവനന്തപുരം, 10-05-2022

പരാമർശം:- 1. സ.ഉ. (പി) നം. 40/13/സാ.നീ.വ തീയതി 18.05.2013.

2. സ.ഉ. (പി) നം. 1/16/സാ.നീ.വ. തീയതി 03.02.2016.

3. നിയമസഭാ സെക്രട്ടറിയുടെ 14.10.2020-ലെ 26601/ഡബ്ല്യു.സി.&പി.എച്ച്.എ1/2018/നി.സെ. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം 16.08.1999 മുതൽ 31.12.2003 വരെ കാലയളവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം ലഭിച്ച 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഭിന്നശേഷിക്കാർക്ക് പുനർ നിയമനം നൽകുന്നതിനായി 2677 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച ഉത്തരവായിരുന്നു. ഇത്തരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരാമർശം 2 ഉത്തരവ് പ്രകാരം സ്പഷ്ടീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിലൂടെ പുനർനിയമനം ലഭിച്ച ഭിന്നശേഷിക്കാർ ദേശീയ പെൻഷൻ പദ്ധതിയുടെ (NPS) കീഴിൽ വരുന്നതിനാൽ വിരമിക്കൽ പ്രായം 60 വയസ്സായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

പരാമർശം (3) പ്രകാരം ശ്രീ. ഹരിദാസൻ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിക്കു സമർപ്പിച്ച ഹർജിയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ അധിക വിവരം ലഭ്യമാക്കുവാൻ നിയമ സഭ സമിതി ആവശ്യപ്പെട്ടിരുന്നു.

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വിരമിക്കൽ പ്രായം 58 വയസ്സാണെന്നും, ഹർജിക്കാരനെ പിരിച്ചുവിട്ടതല്ലായെന്നും മറിച്ച് 30.11.2015-ൽ സൂപ്പറാന്വേഷനിൽ വിരമിക്കുകയാണുണ്ടായതെന്നും 31.03.2013-നു മുമ്പ് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരിക്കുന്ന 34 സ്ഥാപനങ്ങളാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും EPF പെൻഷൻ പദ്ധതി നിലവിലുള്ള സ്ഥാപനങ്ങളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് അതേ EPF പെൻഷൻ പദ്ധതി തന്നെയാണ് ബാധകമാകുകയെന്നും, അവർക്ക് പങ്കാളിത്ത പെൻഷൻ ബാധകമാകുകയില്ലായെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഭിന്നശേഷിക്കാരായ ജീവനക്കാരെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന വിവിധ ഉത്തരവുകളിൽ പ്രസ്തുത വിഭാഗം ജീവനക്കാർക്ക് പങ്കാളിത്തപെൻഷൻ പദ്ധതി ബാധകമാകുന്നതാണെന്നും ഇവരുടെ

വിരമിക്കൽ പ്രായം 60 വയസ്സായിരിക്കുമെന്നും രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നതായും ധനകാര്യ വകുപ്പ് നിയമ സഭ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്തതായും, മേൽപ്പറഞ്ഞ കാരണങ്ങളാൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതനായ ഹർജിക്കാരന് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാകുന്നതല്ലയെന്നും ധനകാര്യ വകുപ്പ് അറിയിച്ചതായും നിയമ സഭ സമിതിയിൽ നിന്നും അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/04/2013 ന് ശേഷം സർക്കാർ സേവനത്തിൽ പ്രവേശിച്ച ജീവനക്കാർ മാത്രമാണ് ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്നതെന്നും പൊതുമേഖലാ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്നില്ലായെന്നും സ്പഷ്ടീകരണം നൽകിയും ചുവടെ ചേർക്കുന്ന പ്രകാരം പരാമർശം (2) ഉത്തരവിലെ സേവന വ്യവസ്ഥകളിലെ ഇനം (4) ഭേദഗതി വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

"(4) പെൻഷൻ:- പരാമർശം (1) ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിതനാവുന്ന ജീവനക്കാരന് നിയമനം ലഭിക്കുന്ന തീയതിയിൽ ബന്ധപ്പെട്ട സ്ഥാപനത്തിന്/ വകുപ്പിന് ബാധകമായ പെൻഷൻ പദ്ധതിയും പെൻഷൻ പ്രായവും സംബന്ധിച്ചുള്ള വ്യവസ്ഥകൾ ബാധകമാകുന്നതാണ്."

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രേംകുമാർ
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്. തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

എല്ലാ നിയമനാധികാരികൾക്കും

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Jasmine Thomas**
**Date: 10-05-2022 15:52:31**
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ പി എസിന്